# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2539** **12.02.2019-ൽ മറുപടിയ്ക്ക്**

**പട്ടിക വിഭാഗത്തിൽപ്പെടുന്നവർക്കുള്ള പുനരധിവാസ പദ്ധതികൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.കെ.ഡി.പ്രസേനൻ** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ട ആലത്തൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതി കൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br>ആലത്തൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പ്രളയത്തിൽ തകർന്ന 36 വീടുകളാണുള്ളത്. ഇവർക്ക് വകുപ്പ് മുഖേന നൽകുന്ന അടിയന്തിര സഹായമായ 5,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. പുതിയ വീട് അനുവദിക്കുന്നതിന് റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.<br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br>കഴിഞ്ഞ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട ആലത്തൂർ നിയോജകമണ്ഡലത്തിലെ കവിളുപാറ കോളനിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 15 ഗുണഭോക്താക്കളുടെ വീടുകൾ വാസയോഗ്യമല്ലാത്തതായും, 13 ഗുണഭോക്താക്കളുടെ വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. വീടുകൾ വകുപ്പിന്റെ ഭവനനിർമ്മാണ പദ്ധതിയിൽപ്പെടുത്തി വാസയോഗ്യമാക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പുനരധിവാസ പദ്ധതിയിലുൾ പ്പെടുത്തി വീട് നിർമ്മിക്കുന്നതിനായി ആലത്തൂർ നിവാസികളുടെ എത്ര അപേക്ഷകളാണ് വകുപ്പിന് ലഭിച്ചിട്ടുള്ള തെന്ന് അറിയിക്കാമോ; | (ബി) & (സി) | **പട്ടികജാതി വികസന വകുപ്പ്**<br>നിലവിൽ 11 അപേക്ഷകളാണ് വകുപ്പിന് ലഭിച്ചിട്ടുള്ളത്.<br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br>ഭവനനിർമ്മാണത്തിനായി 5 അപേക്ഷകളും, ഭവന നവീകരണത്തിനായി 13 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. |
| (സി) | എത്ര പേർക്ക് വീടുകൾ നൽകിയിട്ടു ണ്ടെന്നും, ഇനി എത്ര വീടുകൾ അനുവദിക്കേണ്ടതുണ്ടെന്നും അറിയി ക്കാമോ? | | |

**സെക്ഷൻ ഓഫീസർ**